## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനം:1698** 14/08/2017 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ബാബു | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസുകളിലേക്ക് റിപ്പോർട്ടിനായി സമർപ്പിക്കാറുണ്ടോ ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസുകളിലേക്ക് റിപ്പോർട്ടിനായി അയയ്ക്കാറുണ്ട്. |
| (ബി) | ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർമാർ അന്വേഷണം നടത്തി റിപ്പോർട്ട് സഹിതം തഹസിൽദാർക്ക് സമർപ്പിക്കണമെന്നതാണ് നിലവിലുള്ള നിർദ്ദേശം. |
| (സി) | പല വില്ലേജ് ഓഫീസുകളിലും രോഗികളെ വിളിച്ചുവരുത്തി ഡോക്ടർ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ വീണ്ടും ഹാജരാക്കാൻ ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ തിരുത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ? | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം 6 മാസകാലാവധിക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ വീണ്ടും മെഡിക്കൽ രേഖകൾ ആവശ്യപ്പെടാറില്ല. അല്ലാത്ത അപേക്ഷകളിൽ രേഖകൾ ആവശ്യപ്പെടാറുണ്ട്. |

സെക്ഷൻ ഓഫീസർ